പ്രിയരേ,

അനുദിനം നഗരവൽക്കരിക്കപ്പെടുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രമേഖലകളുടേയും വളർച്ചയും വികസനവും പുരോഗതിയും ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് 2026-27 വർഷത്തേക്കായി ഇന്നിവിടെ അവതരിപ്പിക്കുന്നത്. 2026 ഏപ്രിൽ മാസത്തിൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ കെ-സ്മാർട്ട് സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കിയ ആദ്യ ബഡ്ജറ്റ് കൂടിയാണ് 2026-27 വർഷത്തെ ബഡ്ജറ്റ്.

കേന്ദ്ര–സംസ്ഥാന സർക്കാരുകളിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന മുഴുവൻ തുകയും കൂടാതെ പഞ്ചായത്തിന്റേതായ തനതു വരുമാനവും പരമാവധി ഉപയോഗിച്ചുകൊണ്ട് സമസ്ഥ മേഖകളുടേയും വികസനം ലക്ഷ്യമിടുന്ന 2026-27 വർഷത്തെ ബഡ്ജറ്റ് വിലയിരുത്തലുകൾക്കും, നിർദ്ദേശങ്ങൾക്കും, അംഗീകാരത്തിനുമായി അവതരിപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ

ജെസ്സി ജോർജ്ജ്
പ്രസിഡന്റ്
നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

സുഹൃത്തുക്കളെ,

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ സമഗ്ര മേഖലകളിലും വികസനം എന്ന ലക്ഷ്യത്തോടെയുള്ള ഒരു ബഡ്ജറ്റാണ് 2026-27 സാമ്പത്തിക വർഷത്തിലേക്ക് ഞാൻ ഇന്ന് ഇവിടെ അവതരിപ്പിക്കുന്നത്. ഗ്രാമവിശുദ്ധിയുടെ സംരക്ഷണവും, ആധുനികവൽക്കരണവും ഒത്തുചേർന്ന വികസനം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് 2026-27 സാമ്പത്തിക വർഷത്തിലേക്ക് വിഭാവനം ചെയ്തിട്ടുള്ളത്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ഹെൽത്ത് ഗ്രാന്റ് എന്നീ ഇനങ്ങളിലായി ബഹു. കേരള സർക്കാർ അനുവദിച്ചിരിക്കുന്ന ഫണ്ടുകളും, ബഹു. കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്ന ഫണ്ടുകളും, തൊഴിലുറപ്പ് പദ്ധതി, വിവിധ സാമൂഹ്യ ക്ഷേമ പെൻഷനുകൾക്ക് അനുവദിക്കുന്ന തുക എന്നിവയ്ക്ക് പുറമേ മറ്റ് ത്രിതല പഞ്ചായത്ത് ഫണ്ടുകൾ, ബഹു. എം പി, എം എൽ എ, സി.എസ്.ആർ ഫണ്ട്, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, പഞ്ചായത്തിന്റെ തനതു വരുമാനം എന്നിവ ഉൾപ്പെടെ പഞ്ചായത്തിന് സമാഹരിക്കാൻ കഴിയുന്ന പരമാവധി തുക പ്രതീക്ഷിത വരവായി വകയിരുത്തിയിട്ടുണ്ട്. പശ്ചാത്തല മേഖലയിൽ **അത്താണി മാർക്കറ്റ് ഹൈടെക് മാർക്കറ്റായി** ഉയർത്തുന്നതിനും, അത്താണിയിൽ കാംകോ കമ്പനിയുടെ അടുത്ത് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് **'ഷോപ്പിംഗ് കോംപ്ലക്സ് കം ഷീ ലോഡ്ജ്'** നിർമ്മിക്കുന്നതിനും, വി.ഐ.പി റോഡിലുള്ള പഞ്ചായത്തിന്റെ സ്ഥലത്ത് **ആധുനിക സൗകര്യങ്ങളോടു കൂടിയ ഷോപ്പിംഗ് കോംപ്ലക്സ്** എന്നിവയുടെ നിർമ്മാണമാണ് ഈ ബഡ്ജറ്റിൽ എടുത്തുകാട്ടേണ്ടവ. കൂടാതെ ഭവന നിർമ്മാണത്തിനും, മാലിന്യ സംസ്കരണത്തിനും, കാർഷിക മേഖലയ്ക്കും, റോഡ് നവീകരണത്തിനും പ്രാധാന്യം കൊടുക്കുന്ന ഈ ബഡ്ജറ്റിൽ ആകെ വരവായി 43,47,42,623/- രൂപയും, ആകെ ചെലവിനത്തിൽ 33,27,65,000/- രൂപയും നീക്കി ബാക്കി ഇനത്തിൽ 10,19,77,623/- രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

# സംക്ഷിപ്തം

| | | |
|---|---|---|
| **ആകെ വരവ് (മുൻ ബാക്കി ഉൾപ്പെടെ) :** | | **43,47,42,623/- രൂപ** |
| **ആകെ ചെലവ്** | **:** | **33,27,65,000/- രൂപ** |
| **നീക്കി ബാക്കി** | **:** | **10,19,77,623/- രൂപ** |

[പരമ്പരാഗത രീതിയിൽ നിന്നും വ്യത്യസ്തമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിർദ്ദേശാനുസരണം 2026 ഏപ്രിൽ മാസം മുതൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ കെ–സ്മാർട്ട് സോഫ്റ്റ് വെയർ മുഖേനയാണ് 2026-27 വർഷത്തെ വാർഷിക ബഡ്ജറ്റ് തയ്യാറാക്കേണ്ടത്. ഈ സോഫ്റ്റ് വെയർ പ്രകാരം 2026-27 വർഷത്തെ വാർഷിക പദ്ധതി ഡി.പി.സി അംഗീകരിച്ച് പ്ലാൻ ബഡ്ജറ്റ് സംയോജനം എന്ന പ്രവർത്തനം വഴി 2026-27 വർഷത്തെ ബഡ്ജറ്റിന്റെ ഭാഗമായാൽ മാത്രമേ പദ്ധതി ചെലവുകൾ ബഡ്ജറ്റിൽ ഉൾപ്പെട്ട് ആയതിന്റെ ചെലവ് ഉൾപ്പെടെയുള്ള നീക്കിബാക്കി ലഭ്യമാവുകയുള്ളു. ആയതിനാൽ കെ–സ്മാർട്ട് പ്രകാരം തയ്യാറാക്കിയിട്ടുള്ള പുതിയ ബഡ്ജറ്റിൽ ലഭ്യമാകുന്ന നീക്കിബാക്കിയും പദ്ധതികൾ ഉൾക്കൊണ്ടുകൊണ്ട് മാനുവലായി തയ്യാറാക്കിയിട്ടുള്ള നീക്കിബാക്കിയും തമ്മിൽ ചെറിയ വ്യതിയാനങ്ങൾ ഉണ്ടായിരിക്കും. പ്ലാൻ ബഡ്ജറ്റ് സംയോജനം പൂർത്തിയാക്കാത്തതിനാൽ 2026-27 വർഷത്തേക്ക് ഡി.പി.സി അപ്രൂവലിനായി സമർപ്പിച്ചിട്ടുള്ള അന്തിമ പദ്ധതിയുടെ ലിസ്റ്റും അനുബന്ധമായി ബഡ്ജറ്റിനോടൊപ്പം ചേർത്തിട്ടുണ്ട്. കേന്ദ്ര സർക്കിരിൽ നിന്നും സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ നമ്മുടെ പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന ഏകദേശം തൊണ്ണൂറ് ലക്ഷം രൂപയോളം ടൈഡ്, അൺടൈഡ് ഗ്രാന്റുകൾ ഈ വർഷം മുതൽ ലഭ്യമാവുകയില്ല എന്ന് അറിയാൻ കഴിഞ്ഞിട്ടുള്ള വിവരം ഈ അവസരത്തിൽ വിഷമപൂർവ്വം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.]

## പ്രധാന വരവുകൾ

| | | | |
|---|---|---|---|
| 1. | മുൻബാക്കി | – | 3,87,59,023/- |
| 2. | നികുതി വരവുകൾ | – | 5,50,00,000/- |
| 3. | നികുതിയേതര വരവുകൾ | – | 2,46,56,600/- |
| 4. | ആകെ തനതു ഫണ്ട് | – | 7,96,56,600/- |
| 5. | ജനറൽ പർപ്പസ് ഫണ്ട് | – | 3,39,02,000/- |
| 6. | ആകെ (4+5) | – | 11,35,58,600/- |
| 7. | മറ്റ്റവന്യൂ ഗ്രാന്റുകൾ പദ്ധതിയേതര ചെലവുകൾക്ക് | – | 10,12,00,000/- |
| 8. | ആകെ റവന്യൂ വരവുകൾ (6+7) | – | 21,47,58,600/- |
| 9. | മറ്റ് റവന്യൂ ഗ്രാന്റുകൾ, പദ്ധതി ചെലവുകൾക്ക് | – | 13,85,75,000/- |
| 10. | മൂലധന വരവുകൾ – വായ്പ | – | 4,00,00,000/- |
| 11. | മറ്റ് വരവുകൾ | – | 6,00,000/- |
| 12. | ലോൺ, അഡ്വാൻസ്, ഡെപ്പോസിറ്റ് | – | 20,50,000/- |
| 13. | ആകെ വരവുകൾ (9+10+11+12) | – | 18,12,25,000/- |
| **14.** | ആകെ വരവുകളും, പ്രാരംഭ ബാക്കിയും (13+1) | – | **43,47,42,623/-** |

## പ്രധാന ചെലവുകൾ

| | | | |
|---|---|---|---|
| 15. | റവന്യൂ ചെലവുകൾ – അനിവാര്യ ചുതലകൾക്ക് | – | 5,03,40,000/- |
| 16. | റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതരചെലവുകൾ | – | 10,12,00,000/- |
| 17. | പ്രോഗ്രാം ചെലവുകൾ | – | 2,53,00,000/- |
| 18. | മറ്റ് ചെലവുകൾ | – | 7,50,000/- |
| 19. | ആകെ റവന്യൂ ചെലവുകൾ (15+16+17+18) | – | 17,75,90,000/- |
| 20. | റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ | – | 15,25,75,000/- |
| 21. | മൂലധന ചെലവുകൾ – വായപ തിരിച്ചടവ് | – | 21,00,000/- |
| 22. | ഡെപ്പോസിറ്റ് റീഫണ്ട് | – | 5,00,000/- |
| 23. | ആകെ മൂലധന ചെലവുകൾ (20+21+22) | – | 15,51,75,000/- |
| 24. | ആകെ ചെലവുകൾ (19+23) | – | **33,27,65,000/-** |
| 25. | നീക്കി ബാക്കി (14+22) | – | **10,19,77,623/-** |

നികുതി വരവുകളിൽ വസ്തു നികുതിയായി 3,00,00,000 രൂപയും, തൊഴിൽ നികുതി ഇനത്തിൽ 2,25,00,000 രൂപയും വിനോദ നികുതി ഇനത്തിൽ 25,00,000 രൂപയും ഉൾപ്പെടെ 5,50,00,000 രൂപ വരവ് പ്രതീക്ഷിക്കുന്നു.

നികുതിയേതര വരുമാനമായി 2,46,56,600 രൂപയും ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 3,39,02,000 രൂപയും ഉൾപ്പെടെ 11,35,58,600 രൂപ വരവ് പ്രതീക്ഷിക്കുന്നു. വികസന ഫണ്ട് പൊതു വിഭാഗത്തിലും, എസ് സി പി വിഭാഗത്തിലും ചേർത്ത് 4,87,59,000 രൂപയും, മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് എന്നീ ഇനത്തിൽ 3,22,46,000 രൂപയും ലോൺ ഇനത്തിൽ 4,00,00,000 രൂപയും ഉൾപ്പെടെ ആകെ 12,10,05,000 രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്കായി 2.5 കോടി രൂപയും, ക്ഷേമപെൻഷനുകൾക്കായി 10,12,00,000 രൂപയും വരവ് പ്രതീക്ഷിക്കുന്നു.

# ഉൽപ്പാദന മേഖല

## കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും

ഉത്പാദന മേഖലയിൽ തരിശു നിലത്തിലെ നെൽകൃഷി വികസനനം, പച്ചക്കറി വികസന പദ്ധതി (മൺചട്ടി വിതരണം), നമ്മുടെ നാടിന്റെ സ്വന്തം അരിയായ '**നെടുമ്പാശ്ശേരി മട്ട**' യുടെ ഉൽപ്പാദനം, സമഗ്ര പുരയിടകൃഷി വികസനം എന്നിവ ഉൾപ്പെടെ കാർഷിക മേഖലയുടെ വികസന പദ്ധതികൾക്കായി 70,05,000 രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

## മൃഗസംരക്ഷണം, ക്ഷീരവികസനം

മൃഗസംരക്ഷണം – ക്ഷീരവികസന പദ്ധതികൾക്കായി കറപ്പശുക്കൾക്ക് കാലിത്തീറ്റ, പാലിന് സബ്സിഡി, മുട്ടക്കോഴി വിതരണം എന്നിവയ്ക്കായി ആവശ്യമായ തുക ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.തെരുവു നായ നിയന്ത്രണത്തിന്റെ ഭാഗമായി പേ–വിഷ നിർമ്മാർജ്ജന ക്യാമ്പ്, തെരവു നായ വാക്സിനേഷൻ, തെരുവു നായ പ്രജനന നിയന്ത്രണത്തിനുള്ള എ.ബി.സി ഷെൽട്ടർ എന്നിവയ്ക്കായി 6,40,000 രൂപ ബഡ്ജറ്റിൽ പ്രത്യേകമായി വകയിരുത്തിയിട്ടുണ്ട്. മൃഗസംരക്ഷണം – ക്ഷീരവികസന പദ്ധതികൾക്കായി 2026-27 ബഡ്ജറ്റിൽ ആകെ വകയിരുത്തിയിട്ടുള്ളത് 46,58,000 രൂപയാണ്.

## ജലസംരക്ഷണം, ജലസേചനം

ജലസംരക്ഷണ, ജലസേചന, പ്രകൃതി–സംരക്ഷണ പ്രവർത്തനങ്ങൾക്കായി 40,00,000 രൂപയാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇടമലയാർ ഇറിഗേഷൻ, ആവണംകോട് ലിഫ്റ്റ് ഇറിഗേഷൻ നമ്പർ 1, 2 എന്നിവയിൽ നിന്നും വരുന്ന ജലം വിവിധ പ്രദേശങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിച്ച് ജലസേചനത്തിനായും, കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും വേണ്ട നടപടികൾ ബഡ്ജറ്റ് വർഷത്തിൽ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ആയതിനു വേണ്ട നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് എംപി, എം എൽ എ ഫണ്ടിൽ നിന്നും തുക കണ്ടെത്തി നടപ്പു വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

# സേവന മേഖല

## വിദ്യാഭ്യാസം, യുവജനക്ഷേമം

4,7,10,12 ക്ലാസുകളിലേക്കുള്ള തുല്യതാ പരിശീലനത്തിനായും എൽ.പി സ്കൂളുകൾക്ക് പ്രഭാതഭക്ഷണം, വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ്, കേരളോത്സവം, സ്കൂളുകളിൽ കരാട്ടെ, യോഗ പരിശീലനം എന്നിവ ഉൾപ്പെടെ 9,80,000 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അകപ്പറമ്പ് റെയിൽവെ ഗേറ്റിനു സമീപമുള്ള പഞ്ചായത്തിന്റെ നിലമായി കിടക്കുന്ന സ്ഥലം തരം മാറ്റുന്നതിനുള്ള അനുമതിയ്ക്കായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തരംമാറ്റി അനുമതി ലഭിക്കുന്ന മുറയ്ക്ക് സി.എസ്.ആർ ഫണ്ടിൽ ഉൾപ്പെടുത്തി ആധുനിക സൗകര്യങ്ങളോട് കൂടിയ ഗ്രൗണ്ട് നിർമ്മാണത്തിന് പദ്ധതി നടപ്പുവർഷ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

## ആരോഗ്യം

ആരോഗ്യമാണ് ഓരോ പൗരന്റേയും ഏറ്റവും വലിയ സമ്പാദ്യം എന്ന ബോധ്യത്തോടു കൂടി ഗ്രാമപഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന അലോപ്പതി, ഹോമിയോ, ആയുർവ്വേദ ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 37,00,000 രൂപയാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. 22,00,000 രൂപ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾക്കായി ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ അപകടമരണങ്ങളും, സ്ഥിരമായ അംഗവൈകല്യങ്ങളും സംഭവിക്കുമ്പോൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഒരു കൈത്താങ്ങ് എന്ന നിലയിലാണ് പഞ്ചായത്ത് നിവാസികളായ മുഴുവൻ ജനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് അപകട ഇൻഷുറൻസ് എന്ന പദ്ധതിയ്ക്ക് 10,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. പകർച്ച വ്യാധികളുടെ നിയന്ത്രണം, ക്യാൻസർ

പോലെയുള്ള രോഗങ്ങളുടെ മുൻകൂട്ടിയുള്ള നിർണ്ണയം, ഡയാലിസിസ് ചെയ്യുന്ന വൃക്ക രോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്ന 'കാരുണ്യ സ്പർശം', തുടങ്ങിയ പൊതു ആരോഗ്യ പരിപാടികൾക്കായി ആകെ 89,80,800 രൂപ ആരോഗ്യ മേഖലയുടെ വികസനത്തിനായി നീക്കി വെച്ചിട്ടുണ്ട്. പഞ്ചായത്തിലെ 135-ാം നമ്പർ അങ്കണവാടിയ്ക്കായി ജലസേചന വകുപ്പ് വിട്ടു തന്നിട്ടുള്ള 6 സെന്റ് സ്ഥലത്തിനോട് ചേർന്ന് കിടക്കുന്ന ഏകദേശം 50 സെന്റോളം സ്ഥലം പഞ്ചായത്തിന്റെ അഭ്യർത്ഥന മാനിച്ച് പഞ്ചായത്തിന് വിട്ടു തരുന്നതിന് ജലസേചന വകുപ്പ് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ടി സ്ഥലത്ത് ഓപ്പൺ ജിം, വാക്ക് വേ, പൂന്തോട്ടം എന്നിവ ഒരുക്കി പഞ്ചായത്ത് വാസികളുടെ ആരോഗ്യ-വ്യായാമ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്നതിന് പദ്ധതി ആവിഷ്കരിക്കുന്നതാണ്.

## വനിതാ വികസനം

സമൂഹത്തിന്റെ എല്ലാ മേഖലയിലും പുരുഷനോടൊപ്പം തുല്യ നിലയിൽ സ്ത്രീകളും പ്രവർത്തിച്ചു തുടങ്ങിയതാണ് ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. അതുകൊണ്ടുതന്നെ സ്ത്രീകളുടെ ഉന്നമനവും സുരക്ഷിതത്വവും, വികസനവും ഏതൊരു സർക്കാരിന്റേയും പ്രഥമ പരിഗണന അർഹിക്കുന്ന വിഷയമാണ്. വിദ്യാഭ്യാസ തൊഴിൽ ആവശ്യങ്ങൾക്കായി നിരന്തരം വീട് വിട്ടു നിൽക്കേണ്ടി വരുന്ന സുരക്ഷിതമായ താമസം ഒരു പ്രധാന പ്രശ്നമായി നിൽക്കുന്ന ഈ സമയത്ത് അത്താണിയിൽ കാംകോ കമ്പനിയോട് ചേർന്നുള്ള പഞ്ചായത്തിന്റെ സ്ഥലത്ത് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയും, ധനകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ച് ലോണുകൾ ലഭ്യമാക്കിയും ഒരു **'ഷീ ലോഡ്ജ്'** സ്ഥാപിക്കുക എന്നത് ഈ ബഡ്ജറ്റിലെ അഭിമാനകരമായ പദ്ധതിയായി നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നു. ഇതിനായി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി 36,00,000 രൂപയും ലോൺ ഇനത്തിൽ 1,00,00,000 രൂപയും ഉൾപ്പെടെ **1,36,00,000** രൂപ

**വകയിരുത്തിയിട്ടുണ്ട്.** ബഹു നില കെട്ടിടമായി പണിയുന്ന ഈ കെട്ടിടത്തിന്റെ താഴത്തെ നില ഷോപ്പിംഗ് കോംപ്ലക്സ് ആക്കുന്നതിനും പദ്ധതിയുണ്ട്. കൂടാതെ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 10 ലക്ഷം രൂപയും, ജാഗ്രതാ സമിതി ശക്തിപ്പെടുത്തലും വനിതാ വികസന പ്രവർത്തനങ്ങൾക്കുമായി 4,25,000 രൂപയും ഉൾപ്പെടെ ഈ മേഖലയ്ക്കായി വകയിരുത്തിയിട്ടുള്ളത് 1,50,25,000 രൂപയാണ്

നിലവിൽ അത്താണിയിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടൽ കരിയാട്ടിലുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലേക്ക് മാറ്റുന്നതിന് വേണ്ട നടപടികളും ഈ ബഡ്ജറ്റ് വർഷം തന്നെ സ്വീകരിക്കുന്നതാണ്.

## കുടിവെള്ളം ശുചിത്വം

ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് ശുദ്ധജല വിതരണത്തിനും, വരൾച്ചാ ദുരിതാശ്വാസത്തിനുമായി 37,00,000 രൂപയും, പൊതുകിണറുകളുടേയും, വ്യക്തിഗത കിണറുകളുടേയും ശുചീകരണത്തിനായി 12,15,000 രൂപ വകയിരുത്തിയിട്ടുണ്ട്. തുരുത്തിശ്ശേരി ലക്ഷം വീട് കുടിവെള്ള പദ്ധതിയ്ക്കായി (വാർഡ് 12) 8,00,000 രൂപയും നീക്കിവെച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന പ്രവത്തനങ്ങൾക്ക് ആവശ്യമായ തുകയും ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കുടിവെള്ളം ശുചിത്വം എന്ന മേഖലയ്ക്കായി 77,15,000 രൂപ നീക്കി വച്ചിട്ടുണ്ട്.

## സാമൂഹ്യ ക്ഷേമം

സമൂഹത്തിന്റെ ഏറ്റവും താഴെതട്ടിൽ നിൽക്കുന്ന അതിദരിദ്ര്യരേയും, ഭിന്നശേഷിക്കാരേയും, വയോജനങ്ങളേയും ഉൾക്കൊണ്ടുകൊണ്ട് വയോജനങ്ങൾക്ക് ഹാപ്പിനസ്സ് പാർക്ക്, വയോജനങ്ങൾക്ക് ശ്രവണ സഹായി, ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ, അതിദരിദ്ര്യർക്ക് ഭക്ഷണം, അതിദരിദ്ര്യരുടെ മക്കൾക്ക് പഠനോപകരണങ്ങൾ നൽകുക എന്നിവയ്ക്കായി ആവശ്യമായ തുക

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പഠനസഹായത്തിനായി 13,00,000 രൂപയും, അങ്കണവാടി പോഷകാഹാര വിതരണത്തിനായി 30,50,000 രൂപയും സാമൂഹ്യമേഖലയ്ക്കായി നീക്കി വെച്ചിട്ടുണ്ട്. ഭിന്നശേഷി വൃദ്ധക്ഷേമ, അഗതി ക്ഷേമ പരിപാടികൾക്കായി ആകെ നീക്കിവെച്ചിട്ടുള്ളത് 71,08,000 രൂപയാണ്.

മേയ്ക്കാട് വായനശാല പഞ്ചായത്തിന് വിട്ടു തന്നിട്ടുള്ള 28 സെന്റ് സ്ഥലത്ത് എം.എൽ.എ, എം പി ഫണ്ട് ഉപയോഗിച്ച് സാംസ്കാരിക കേന്ദ്രം പണിയുന്നതിന് വേണ്ട പദ്ധതികൾ ആവിഷ്കരിച്ചു വരുന്നുണ്ട്. ആയത് നടപ്പു വർഷത്തെ പദ്ധതിയിൽതന്നെ ഉൾപ്പെടുത്തുവാൻ സാധിക്കുമെന്ന് കരുതുന്നു.

## ദാരിദ്ര്യ ലഘൂകരണം

ഓരോ വ്യക്തിയുടേയും പ്രാഥമിക ആവശ്യങ്ങളിൽ ഒന്നായ അടച്ചുറപ്പുള്ള ഒരു വീട് എന്നതിനായി ഈ പഞ്ചായത്ത് 3,90,50,000 രൂപ നീക്കിവച്ചിട്ടുണ്ട്. ഈ തുകയിൽ വീട് വാസയോഗ്യമാക്കൽ, പി എം എ വൈ അധിക വിഹിതം നൽകൽ, ലൈഫ് ഭൂരഹിതർക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായം എന്നീ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ജനറൽ വിഭാഗത്തിന് 2,70,50,000 രൂപയും പട്ടികജാതി വിഭാഗത്തിന് വീട് വാസയോഗ്യമാക്കുന്നതിനും, ഭവന നിർമ്മാണത്തിനുമായി 1,20,00,000 രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, വിജയഭേരി സ്കോളർഷിപ്പ്, എസ് സി വിദ്യാർത്ഥികൾക്ക് മേശ, കസേര, എസ്.സി വിവാഹന ധനസഹായം കൂടാതെ ലൈഫ് ഭവന നിർമ്മാണം ഉൾപ്പെടെ പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾക്കായി 1,46,25,000 രൂപ നീക്കിവച്ചിട്ടുണ്ട്.

## പശ്ചാത്തല മേഖല

ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും, നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി 2,45,95000 രൂപ വകയിരുത്തിയിട്ടുണ്ട്.

ഊർജ്ജ വിതരണ മേഖലയിൽ തെരുവു വിളക്കുകൾ കത്തിക്കുന്നതിനായി 90,00,000 രൂപയും, ലൈൻ എക്സ്റ്റൻഷൻ പോസ്റ്റ് ഷിഫ്റ്റിംഗ് എന്നിവയ്ക്കായി 27,00,000 രൂപയും ഉൾപ്പെടെ വൈദ്യുതമേഖലയിൽ 1,17,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലമായ അത്താണിയിൽ നിലവിലുള്ള മാർക്കറ്റിനെ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ **ആധുനിക സൗകര്യങ്ങളോട് കൂടിയ ഹൈടെക്ക് മാർക്കറ്റായി** മാറ്റുന്നതിന് 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഏറ്റവും തിരക്കേറിയ വി.ഐ.പി റോഡിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ആധുനിക സൗകര്യങ്ങളോട് കൂടിയ ഒരു **ഷോപ്പിംഗ് കോംപ്ലക്സ്** ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള ലോണോടു കൂടി നിർമ്മിക്കണം എന്നുള്ള പദ്ധതിയും ഈ ബഡ്ജറ്റിലെ എടുത്തുപറയാവുന്ന ഒരു നേട്ടമായി ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നു.

## പഞ്ചായത്ത് ഓഫീസ് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ

ഗ്രാമപഞ്ചായത്തിന്റെ മീറ്റിംഗ് ഹാൾ രണ്ടാം നിലയിൽ സ്ഥിതി ചെയ്യുന്നതിനാൽ പഞ്ചായത്തുമായി ബന്ധപ്പെട്ട യോഗങ്ങളിലും, സെമിനാറുകളിലും പരിശീലനങ്ങളിലും പങ്കെടുക്കുവാൻ എത്തിച്ചേരുന്ന വൃദ്ധജനങ്ങൾക്കും, ശാരീരിക ബുദ്ധിമുട്ടുകൾ നേരിടുന്നവർക്കും ഉപകാരപ്രദമായി ഒരു ലിഫ്റ്റ് പഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനും, പഞ്ചായത്ത് ഓഫീസ് നവീകരണത്തിനുമായി 45,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

# ഉപസംഹാരം

പഞ്ചായത്തിന്റെ പരിമിതമായ വിഭവ സ്രോതസ്സുകൾക്കുള്ളിൽ നിന്നുകൊണ്ട് ലഭ്യമാകാവുന്ന പമാവധി ഫണ്ടുകൾ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു ബഡ്ജറ്റ് തയ്യാറാക്കുവാൻ സാധിച്ചിട്ടുണ്ട്. 2026-27 വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിന് വിലയേറിയ നിർദ്ദേശങ്ങളും, ആശയങ്ങളും നൽകിയ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിഷയമേഖലാ വിദഗ്ധർ, സാങ്കേതിക സഹായം നൽകിയ എ.ഐ.ടി.ഇ എന്നിവരെ നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**സി വൈ ശാബോർ**

**വൈസ് പ്രസിഡന്റ്**

**നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്**